കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് - 2015-2016

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി3-66 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
തീയ്യതി:07.02.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ആലക്കോട് ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ആലക്കോട് ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ 2-1,3-15 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി 3-66/2017

തീയതി : 07.02.2017

# കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-01-2017 മുതൽ 17-01-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.സുധീഷ് എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.സബിത കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ജോസ് വടമല | 01-04-2015 മുതൽ 31-10-2015 വരെ |

| | | |
|---|---|---|
| | മോളി മാനുവൽ | 19-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ടി രാജേഷ് കുമാർ<br>എം പി ചന്ദ്രഭാനു<br>എൻ എൻ പ്രസന്നകുമാർ | 01-04-2015 മുതൽ 20-07-2015വരെ<br>21-07-2015 മുതൽ 05-08-2015 വരെ<br>06-08-2015 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ. 20-10-2015 ഉത്തരവ് പ്രകാരം 01-11-2015 മുതൽ 18-11-2015 വരെ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്നു ഭരണ ചുമതല

1. ശ്രീ.എൻ എൻ പ്രസന്നൻ , ഗ്രാമപഞ്ചായത്ത് സെക്രട്ടറി

2. ശ്രീ അനുജ ജോർജ് , കൃഷി ഓഫീസർ

3. ശ്രീമതി. നാരായണി എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ.

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | എം ബാലകൃഷ്ണൻ | 01-04-2015 | 31-10-2015 |
| | | അനുജ ജോർജ് | 01-11-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ. അബ്ദുൾ ലത്തീഫ്<br>(തേർത്തല്ലി സർക്കിൾ) | 01-04-2015 | 31-03-2016 |
| 3 | വി.ഇ.ഒ | ശ്രീ.ഗണേശൻ എം<br>(ആലക്കോട് സർക്കിൾ) | 01-04-2015 | 31-03-2016 |
| 4 | വെറ്ററിനറി സർജൻ | ഡോ.ശ്രീഷ ആർ ഖരെ | 01-04-2015 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | ഡോ.സിമി ഇ വി | 01-04-2015 | 24-04-2015 |
| | | ഡോ.നീതു ഐസക്ക് | 25-04-2015 | 01-07-2015 |
| | | ദീപ്തി മരിയ ജോർജ് | 02-07-2015 | 31-03-2016 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | അസുന്ത മേരി | 01-04-2015 | 17-06-2015 |

| | | | | |
|---|---|---|---|---|
| | | ഉഷ കുമാരി | 18-06-2015 | 08-07-2015 |
| | | സലജ കുമാരി | 09-07-2015 | 09-03-2016 |
| | | മുരുകൻ പി | 10-03-2016 | 16-03-2016 |
| | | അനുജ കണ്ണൻ | 17-03-2016 | 31-03-2016 |
| 7 | അസി. എഞ്ചിനീയർ | ശ്രീജ .യു | 01-04-2015 | 31-03-2016 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | നാരായണി എ | 01-04-2015 | 31-03-2016 |
| 9 | അസി . സെക്രട്ടറി | എം പി ചന്ദ്രഭാനു | 01-04-2015 | 07-06-2015 |
| | | ഷാജി പി | 08-06-2015 | 19-08-2015 |
| | | വിനോദ് കുമാർ കെ | 20-08-2015 | 31-03-2016 |
| 10 | ഹെഡ് മാസ്റ്റർ | വി ജെ പ്രകാശ് | 01-04-2015 | 31-03-2016 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം-1 പൊതുഅവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |

| | | |
|---|---|---|
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ദുരിതാശ്വാസനിധി അവലോകനം |
| 12 | 1-12 | ഗ്രാമസഭകൾ |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | 2-1 | വസ്തു നികുതി നിർണ്ണയ അപാകം പഞ്ചയത്തിന് വരുമാന നഷ്ടം |
| 15 | 2-2 | ഡി & ഓ ലൈസൻസ് ഈടാക്കിയതിലെ അപാകതകൾ |
| 16 | 2-3 | തൊഴിൽ നികുതി അപാകതകൾ |
| 17 | 2-4 | പരസ്യ നികുതി ഈടാക്കേണ്ടതാണ് |
| 18 | 2-5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | ജലസേചന പമ്പ് സെറ്റ് വിതരണം-അനുബന്ധസാധനങ്ങൾക്ക് സബ്സിഡി നൽകിയ 18276 രൂപ തടസപ്പെടുത്തുന്നു |
| 20 | 3-2 | അംഗൻവാടിക്ക് ഗ്യാസ് കണക്ഷൻ-അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷനില്ലാതെ വാങ്ങി-ചെലവ് തുക 96900 രൂപ തടസപ്പെടുത്തുന്നു. |
| 21 | 3-3 | വിവിധ ടൗണുകൾ ശുചീകരണം പദ്ധതി-നടപടി ക്രമങ്ങൾ പാലിച്ചില്ല-78800 രൂപ തടസപ്പെടുത്തുന്നു |
| 22 | 3-4 | രയരോം പുഴ സംരക്ഷണം-പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടപ്പിലാക്കിയില്ല12750 രൂപ തടസപ്പെടുത്തുന്നു. |

| | | |
|---|---|---|
| 23 | 3-5 | ആലക്കോട് ഗവൺമന്റ് ആയുർവേദാശുപത്രി രണ്ടാം നിലയിൽ ഐ പി യൂണിറ്റ് നിർമ്മാണം പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 24 | 3-6 | ഐ.എ.വൈ- പദ്ധതി (പട്ടികവർഗ്ഗം) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-812500 രൂപ തടസപ്പെടുത്തുന്നു |
| 25 | 3-7 | തുടർസാക്ഷരത -പഞ്ചായത്ത് ഫണ്ട് വിനിയോഗം -പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധം -12890 രൂപ തടസപ്പെടുത്തുന്നു. |
| 26 | 3-8 | എസ് സി,എസ് ടി കുട്ടികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്യൽ -അപാകതകൾ |
| 27 | 3-9 | ഔഷധിയിൽ നിന്നും മരുന്ന് ലഭിക്കുന്നതിൽ കാലതാമസം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 28 | 3-10 | എസ് എസ് എ ,പൈക്ക ഫണ്ടുകൾ വിനിയോഗിക്കാതെ നിഷ്ക്രിയാസ്തിയായി കിടക്കുന്നു. |
| 29 | 3-11 | സാന്ത്വന പരിചരണ പരിപാടി സ്നേഹ സമ്മാനം നൽകൽ 41,990/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| 30 | 3-12 | പാലിയേറ്റീവ് പരിചരണം :-പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. |
| 31 | 3-13 | ആശ്രയ പദ്ധതി ഗുണഭോക്താകൾക്ക് മെഡിക്കൽ ക്യാമ്പ് -മുൻകൂർ സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി. |
| 32 | 3-14 | ഹോമിയോ ആശുപത്രിയിലെക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല-75,000/-രൂപ തടസപ്പെടുത്തുന്നു. |
| 33 | 3-15 | റോഡ് പ്രവൃത്തിക്ക് ടാർ ഉപയോഗിച്ചത്-അളവിലും വിലയിലുമുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. |
| 34 | 3-16 | എസ്എൽ ബി പി പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല |
| 35 | 3-17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം |

| | | |
|---|---|---|
| 36 | 3-18 | ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 44 | 4-8 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 45 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 48 | Appendix-1 | Audit Cetificate |
| 49 | Appendix- 2 | Income&Expenditure Statement |
| 50 | Appendix- 3 | Receipt& Payment Statement |
| 51 | Appendix- 4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് PR No.33/2015 തീയതി 25-03-2015 പ്രകാരം അംഗീകാരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തി ലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 52,34,000 | 3,31,36,005 | 2,79,02,005 | | (-)533.09 |
| വരവ് | 19,27,57,250 | 10,00,24,907 | | 9,27,32,343 | (-)48.1 |
| ആകെ | 19,79,91,250 | 13,31,60,912 | | 6,48,30,338 | (-)32.74 |
| ചെലവ് | 19,56,19,250 | 11,08,93,857 | | 8,47,25,393 | (-)43.31 |
| നീക്കിയിരിപ്പ് | 23,72,000 | 2,22,67,055 | 1,98,95,055 | | 838.74 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 14-06-2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 05-01-2017 | കെ.എസ്.എ/ കെ.എൻ.ആർ/ സി 6-66/2017 തീയ്യതി 07.02.2017 | വിശേഷണങ്ങളോടു കൂടിയത് |

ന്യൂനത

1 .വാർഷിക ധനകാര്യപത്രികയിലെ ബി- 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,31,36,005 |
| വരവ് | 10,00,24,907 |
| ആകെ | 13,31,60,912 |
| ചെലവ് | 11,08,93,857 |
| നീക്കിയിരിപ്പ് | 2,22,67,055 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 37,51,278 | 63,09,153 +90,69,385 | 1,91,29,816 | 1,91,29,816 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 12,61,877 | 33,50,461 | 37,41,484 | 37,41,484 | (-)8,70,854 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 2,868 | 1,21,000 | 1,21,000 | 1,21,000 | (-)2,868 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 5,55,818 | 1,06,53,734 | 1,12,09,552 | 1,12,09,552 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 17,03,576 | 33,89,703 | 50,93,279 | 50,93,279 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,93,823 | 88,88,611 | 65,59,771 | 65,59,771 | (-)31,22,663 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 50,73,000 | 41,63,518 | 41,63,518 | 41,63,518 | (-)50,73,000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 176 | 8,64,70,039 | 143 | 5,40,14,207 | 42 | 33 | 81.25 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.87 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55,82,417 | 58,69,243 | (+)2,86,826 | (+)5.1 |
| നികുതിയേതര വരവുകൾ | 11,58,502 | 9,97,968 | (-)1,60,534 | (-)13.85 |
| ആകെ | 67,40,919 | 68,67,211 | 1,26,292 | (+)1.87 |

## 1-8 ക്ഷേമപദ്ധതികൾ

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 1,29,600 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 23,87,400 | 560 |

| | | |
|---|---|---|
| വിധവാപെൻഷൻ | 56,20,800 | 931 |
| വാർദ്ധക്യകാലപെൻഷൻ | 1,19,06,400 | 2303 |
| വികലാംഗപെൻഷൻ | 17,61,300 | 318 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,64,800 | 42 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 3,60,000 | 12 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-11-2016 | 01-06-2015 മുതൽ 30-09-2015 വരെ | 29-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-06-2011 | 2006-07 മുതൽ 2010-11 വരെ | 29-07-2011 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-01-2017 ന് 3 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,058 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം ആലക്കോട് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (അക്കൗണ്ട് നം. 10644224924) SBI ആലക്കോട് ബാങ്കിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.2015-16 സാമ്പത്തിക വർഷം ദുരിതാശ്വാസ നിധിയിനത്തിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 31.3.16 ന് 6,339/-രൂപ

നിക്കിയിരിപ്പുണ്ട്,എന്നാൽ തൻ വർഷം ഈ ഇനത്തിൽ പഞ്ചായത്തിൽ വരവോ ചെലവോ ഉണ്ടായിട്ടില്ല.

## 1-12 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. ആലക്കോട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ 2 പ്രാവശ്യം മാത്രമാണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. പഴയ ഭരണ സമിതിയുടെ കാലയളവിൽ 7/15ലും പുതിയ ഭരണ സമിതി വന്നതിനുശേഷം 2/16ലുമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഇത് കൂടാതെ വൃദ്ധർ, വികലാംഗർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവർക്കുവേണ്ടിയുള്ള പ്രത്യേക ഗ്രാമസഭകളും ചേർന്നിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ഗ്രാമ സഭാ യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ആഭ്യന്തരനിയന്ത്രണം.

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്നത് 8/15, 11/15(2എണ്ണം) 1/16 , 2/16, 03/16 എന്നീ മാസങ്ങളിൽ മാത്രമാണ്.യോഗങ്ങളിൽ പഞ്ചായത്തിൻറ നികുതി പിരിവ് / പ്രവർത്തനം ,ജീവനക്കാരുടെ പ്രവർത്തനപുരോഗതി എന്നിവ അവലോകനം ചെയ്യുന്നുണ്ട്.ഓഫീസ് ഓർഡർ മുഖാന്തിരം ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയ അപാകം പഞ്ചായത്തിന് വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ചട്ടം 1 ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായികണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നല്കി 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40 രൂപയാണ് ചുമത്തുന്നത്. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ. അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതും 100 ച.മീ. അധികമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60 രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചിട്ടുണ്ട്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള 100 ച.മീ.അധികമുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനാൽ പഞ്ചായത്തിന് താഴെ പറയും പ്രകാരം തുടർ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച നികുതി @40 | നിർണ്ണയിക്കേണ്ട വസ്തു നികുതി @ 60 | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രസിഡന്റ് നെല്ലിപ്പാറ ജുമാ ജസ്ജിദ് ആന്റ് ഇസ്ലാംമദ്രസ കമ്മിറ്റി | 319 എ | 16 | 16x40 =640<br>വർദ്ധനവ് (20%) = 128<br>ആകെ =768<br>ഗ്രന്ഥശാലാവരി (5%) =38<br>ആകെ =806 | 16x60 =960<br>വർദ്ധനവ് (20%) = 192<br>ആകെ =1152<br>ഗ്രന്ഥശാലാവരി (5%) =58<br>ആകെ =1210 | 404 |
| | ,, | 319 ബി | 16 | 16x40 =640<br>വർദ്ധനവ് (20%) = 128<br>ആകെ =768<br>ഗ്രന്ഥശാലാവരി (5%) =38<br>ആകെ =806 | 16x60 =960<br>വർദ്ധനവ് (20%) = 192<br>ആകെ =1152<br>ഗ്രന്ഥശാലാവരി (5%) =58<br>ആകെ =1210 | 404 |
| | ,, | 319 സി | 16 | 16x40 =640<br>വർദ്ധനവ് (20%) = 128<br>ആകെ =768<br>ഗ്രന്ഥശാലാവരി (5%) =38<br>ആകെ =806 | 16x60 =960<br>വർദ്ധനവ് (20%) = 192<br>ആകെ =1152<br>ഗ്രന്ഥശാലാവരി (5%) =58<br>ആകെ =1210 | 404 |
| | ,, | 319ഡി | 16 | 16x40 =640<br>വർദ്ധനവ് | 16x60 =960<br>വർദ്ധനവ് (20%) | 404 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (20%) = 128<br>ആകെ =768<br>ഗ്രന്ഥശാലാവരി (5%) =38<br>ആകെ =806 | = 192<br>ആകെ =1152<br>ഗ്രന്ഥശാലാവരി (5%) =58<br>ആകെ =1210 | |
| | ,, | 319 ഇ | 33 | 33x40 =1320<br>വർദ്ധനവ് (20%) = 264<br>ആകെ =1584<br>ഗ്രന്ഥശാലാവരി (5%) =79<br>ആകെ =1663 | 33x60 =1980<br>വർദ്ധനവ് (20%) = 396<br>ആകെ =2376<br>ഗ്രന്ഥശാലാവരി (5%) =119<br>ആകെ =2495 | 832 |
| | ,, | 319 എഫ് | 10 | 33x40 =400<br>വർദ്ധനവ് (20%) = 80<br>ആകെ =480<br>ഗ്രന്ഥശാലാവരി (5%) =24<br>ആകെ =504 | 33x60 =600<br>വർദ്ധനവ് (20%) = 120<br>ആകെ =720<br>ഗ്രന്ഥശാലാവരി (5%) =36<br>ആകെ =756 | 252 |
| 2 | നസറിൻ,പുതിയപ്പറമ്പിൽ,ഇരിട്ടി | 246 എ | 19 | 19x40 =760<br>വർദ്ധനവ് (20%) = 152<br>ആകെ =912<br>ഗ്രന്ഥശാലാവരി (5%) =46 | 19x60 =1140<br>വർദ്ധനവ് (20%) = 228<br>ആകെ =1368<br>ഗ്രന്ഥശാലാവരി (5%) =68 | 478 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ =958 | ആകെ =1436 | |
| | | ബി | 38.88 | 38.88x40 =1555<br>വർദ്ധനവ് (20%) =<br>31 1<br>ആകെ =1866<br>ഗ്രന്ഥശാലാവരി (5%) =93<br>ആകെ =1959 | 38.88x60 =2333<br>വർദ്ധനവ് (20%) = 467<br>ആകെ =2800<br>ഗ്രന്ഥശാലാവരി (5%) =140<br>ആകെ =2940 | 981 |
| | | സി | | 56.73x40 =2269<br>വർദ്ധനവ് (20%) = 454<br>ആകെ =2723<br>ഗ്രന്ഥശാലാവരി (5%) =136<br>ആകെ =2859 | 56.73x60 =3404<br>വർദ്ധനവ് (20%) = 681<br>ആകെ =4085<br>ഗ്രന്ഥശാലാവരി (5%) =204<br>ആകെ =4289 | 1430 |
| 3 | കല്ലേമറ്റത്തിൽ ജോസഫ്,താബോർ | 1023എ | 34.19 | 34.19x40 =1368<br>വർദ്ധനവ് (20%) = 274<br>ആകെ =1642<br>ഗ്രന്ഥശാലാവരി | 34.19x60 =2051<br>വർദ്ധനവ് (20%) = 410<br>ആകെ =2461<br>ഗ്രന്ഥശാലാവരി | 860 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (5%) =82<br>ആകെ =1724 | (5%) =123<br>ആകെ =2584 | |
| | | 1023 എ1 | 22.01 | 22.01X40 =881<br>വർദ്ധനവ് (20%) = 176<br>ആകെ =1057<br>ഗ്രന്ഥശാലാവരി (5%) =53<br>ആകെ =1110 | 22.01X60 =1321<br>വർദ്ധനവ് (20%) = 264<br>ആകെ =1585<br>ഗ്രന്ഥശാലാവരി (5%) =79<br>ആകെ =1664 | 554 |
| | | 1023 എ2 | 40.59 | 40.59X40 =1624<br>വർദ്ധനവ് (20%) =325<br>ആകെ =1949<br>ഗ്രന്ഥശാലാവരി (5%) =97<br>ആകെ =2046 | 40.59X60 =2435<br>വർദ്ധനവ് (20%) = 487<br>ആകെ =2922<br>ഗ്രന്ഥശാലാവരി (5%) =146<br>ആകെ =3068 | 1022 |
| | | 1023 എ3 | 34.19 | 34.19X40 =1369<br>വർദ്ധനവ് (20%) = 274<br>ആകെ =1642<br>ഗ്രന്ഥശാലാവരി (5%) =82<br>ആകെ =1725 | 34.19X60 =2051<br>വർദ്ധനവ് (20%) = 410<br>ആകെ =2461<br>ഗ്രന്ഥശാലാവരി (5%) =123<br>ആകെ =2584 | 860 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | 1023 എ4 | 67.62 | 67.62x40 =2704<br>വർദ്ധനവ് (20%) = 541<br>ആകെ =3245<br>ഗ്രന്ഥശാലാവരി (5%) =163<br>ആകെ =3409 | 67.62x60 =4057<br>വർദ്ധനവ് (20%) = 811<br>ആകെ =4868<br>ഗ്രന്ഥശാലാവരി (5%) =243<br>ആകെ =5111 | 1702 |
| | | 1023 എ5 | 40.59 | 40.59x40 =1624<br>വർദ്ധനവ് (20%) =325<br>ആകെ =1949<br>ഗ്രന്ഥശാലാവരി (5%) =97<br>ആകെ =2046 | 40.59x60 =2435<br>വർദ്ധനവ് (20%) = 487<br>ആകെ =2922<br>ഗ്രന്ഥശാലാവരി (5%) =146<br>ആകെ =3068 | 1022 |
| | | 1023 എ6 | 34.19 | 34.19x40 =1368<br>വർദ്ധനവ് (20%) =274<br>ഇളവ് (5%) = 82<br>ആകെ =1560<br>ഗ്രന്ഥശാലാവരി (5%) =78<br>ആകെ = 1638 | 34.19x60 =2051<br>വർദ്ധനവ്(20%) =410<br>ഇളവ് (5%) = 123<br>ആകെ =2338<br>ഗ്രന്ഥശാലാവരി (5%) =117<br>ആകെ = 2455 | 839 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | 1023 എ7 | 22.70 | 22.70X40 =908<br>വർദ്ധനവ് (20%) =182<br>ഇളവ് (5%) = 54<br>ആകെ =1036<br>ഗ്രന്ഥശാലാവരി (5%) =52<br>ആകെ = 1088 | 22.70x60 =1362<br>വർദ്ധനവ്(20%) =272<br>ഇളവ് (5%) = 68<br>ആകെ =1552<br>ഗ്രന്ഥശാലാവരി (5%) =78<br>ആകെ = 1630 | 542 |
| | | 1023 എ8 | 22.70 | 22.70X40 =908<br>വർദ്ധനവ് (20%) =182<br>ഇളവ് (5%) = 54<br>ആകെ =1036<br>ഗ്രന്ഥശാലാവരി (5%) =52<br>ആകെ = 1088 | 22.70x60 =1362<br>വർദ്ധനവ്(20%) =272<br>ഇളവ് (5%) = 68<br>ആകെ =1552<br>ഗ്രന്ഥശാലാവരി (5%) =77<br>ആകെ = 1630 | 542 |
| | | 1023 എ9 | 22.70 | 22.70X40 =908<br>വർദ്ധനവ് (20%) =182<br>ഇളവ് (5%) = 54 | 22.70x60 =1362<br>വർദ്ധനവ്(20%) =272<br>ഇളവ് (5%) = 68<br>ആകെ =1566 | 556 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ =1036<br>ഗ്രന്ഥശാലാവരി (5%) =52<br>ആകെ = 1088 | ഗ്രന്ഥശാലാവരി (5%) =78<br>ആകെ = 1644 | |
| | | 1023 എ10 | 40.59 | 40.59x40 =1624<br>വർദ്ധനവ് (20%) =325<br>ഇളവ് (5%) = 97<br>ആകെ =1852<br>ഗ്രന്ഥശാലാവരി (5%) =93<br>ആകെ = 1945 | 40.59x60 =2435<br>വർദ്ധനവ്(20%) =487<br>ഇളവ് (5%) = 146<br>ആകെ =2774<br>ഗ്രന്ഥശാലാവരി (5%) =139<br>ആകെ =2913 | 968 |
| | | | | | | |
| 4 | ഷാജി.വി.സി,<br>വലിയ വീട്ടിൽ,രയറോം | 262എ | 21.46 | 21.46x40 =858<br>വർദ്ധനവ് (20%) = 172<br>ആകെ =1030<br>ഗ്രന്ഥശാലാവരി (5%) =51<br>ആകെ =1081 | 21.46x60 =1288<br>വർദ്ധനവ് (20%) = 257<br>ആകെ =1545<br>ഗ്രന്ഥശാലാവരി (5%) =77<br>ആകെ =1622 | 541 |
| | | 262ബി | 21.46 | 21.46x40 =858<br>വർദ്ധനവ് | 21.46x60 =1288<br>വർദ്ധനവ് (20%) | 541 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (20%) = 172<br>ആകെ =1030<br>ഗ്രന്ഥശാലാവരി (5%) =51<br>ആകെ =1081 | = 257<br>ആകെ =1512<br>ഗ്രന്ഥശാലാവരി (5%) =77<br>ആകെ =1622 | |
| | | 262സി | 21.46 | 21.46x40 =858<br>വർദ്ധനവ് (20%) = 172<br>ആകെ =1030<br>ഗ്രന്ഥശാലാവരി (5%) =51<br>ആകെ =1081 | 21.46x60 =1288<br>വർദ്ധനവ് (20%) = 257<br>ആകെ =1546<br>ഗ്രന്ഥശാലാവരി (5%) =77<br>ആകെ =1622 | 541 |
| | | 262ഡി | 16.80 | 16.80x40 =672<br>വർദ്ധനവ് (20%) = 134<br>ആകെ =806<br>ഗ്രന്ഥശാലാവരി (5%) =40<br>ആകെ =846 | 16.80x60 =1008<br>വർദ്ധനവ് (20%) = 202<br>ആകെ =1210<br>ഗ്രന്ഥശാലാവരി (5%) =61<br>ആകെ =1271 | 425 |
| | | 262ഇ | 13.64 | 13.64x40 =545<br>വർദ്ധനവ് (20%) = 109<br>ആകെ =654<br>ഗ്രന്ഥശാലാവരി (5%) =33 | 13.64x60 =818<br>വർദ്ധനവ് (20%) = 164<br>ആകെ =982<br>ഗ്രന്ഥശാലാവരി (5%) =49 | 344 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ =687 | ആകെ =1031 | |
| | | 262എഫ് | 12.74 | 12.74x40 =510<br>വർദ്ധനവ് (20%) = 102<br>ആകെ =612<br>ഗ്രന്ഥശാലാവരി (5%) =31<br>ആകെ =643 | 12.74x60 =764<br>വർദ്ധനവ് (20%) = 153<br>ആകെ =917<br>ഗ്രന്ഥശാലാവരി (5%) =46<br>ആകെ =963 | 320 |
| | | 262ജി | 12.64 | 12.64x40 =506<br>വർദ്ധനവ് (20%) = 101<br>ആകെ =607<br>ഗ്രന്ഥശാലാവരി (5%) =37<br>ആകെ =637 | 12.64x60 =758<br>വർദ്ധനവ് (20%) = 152<br>ആകെ =910<br>ഗ്രന്ഥശാലാവരി (5%) =46<br>ആകെ =956 | 319 |
| | | | | | ആകെ | 18051 |

ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലും, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിലും ആ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നല്കിയിട്ടുള്ളതിനാലാണ് വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി വസ്തുനികുതി കണക്കാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം അംഗീകരിക്കുന്നു. എന്നാൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 100 ച.മീ.ലും അധികമായതിനാലും ഉടമസ്ഥന്റെ സൗകര്യാർത്ഥമാണ് വ്യത്യസ്ത നമ്പറുകൾ നല്കുന്നതെന്നതിനാലും വസ്തുനികുതി നിരക്കിൽ ഇളവ് നല്കിയത് അംഗീകരിക്കുന്നില്ല.

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച.മീ.ലും അധികമുള്ള മുഴുവൻകെട്ടിടങ്ങളുടെയും വസ്തുനികുതി പുനപരിശോധിക്കേണ്ടതും കുറഞ്ഞ നിരക്കിൽ ഈടാക്കിയത്

പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-2 ഡി & ഓ ലൈസൻസ് ഈടാക്കിയതിലെ അപാകതകൾ

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) അന്വേഷണറിപ്പോർട്ട് ഇല്ലാതെയും,വിറ്റു വരവ് രേഖപ്പെടുത്താതെയുമാണ് ലൈസൻസ് നൽകുന്നത്.

പഞ്ചായത്തിൽ ലഭിക്കുന്ന ഡി &ഒ ലൈസൻസ് അപേക്ഷകളിൽ വിറ്റു വരവ് രേഖപ്പെടുത്താതെയും,അന്വേഷണ റിപ്പോർട്ട് ഇല്ലാതെയുമാണ് മിക്ക അപക്ഷകളിൻമേലും ലൈസൻസ് നൽകിയിട്ടുള്ളത്.ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണ ക്കുറിപ്പ് 16/11.1.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2015-16 ൽ ഡി & ഒ ലൈസൻസ് ഈടാക്കുന്നില്ല.

1. കള്ള് ഷാപ്പുകൾ
2. റേഷൻ കടകൾ
3. അക്ഷയ കേന്ദ്രങ്ങൾ

മേൽ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഡി & ഒ ലൈസൻസ് ഫീസ് -ഈടാക്കിയതിൽ കുറവ്

1996 ലെ കേ.പ.രാ. (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 ലെ( പട്ടിക II),ചട്ടം 18 ലെ (പട്ടികIII)എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകരുടെ പേര് | സ്ഥാപനത്തിന്റെ സ്വഭാവം | വിറ്റു വരവ്/എച്ച് .പി | ഈടാക്കിയ തുക/തീയ്യതി | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|
| എം.ടി.തോമസ്,തേർത്തല്ലി | മലഞ്ചരക്ക് വ്യാപാരം | 20000 രൂപ | 100/16.4.15 | 500 | 400 |
| ടി.വി.ജോൺ,കൊട്ടയാട് | കയർ ഇൻഡസ്ട്രീസ് | 64 ,എച്ച് .പി | 100/12.5.15 | 1000 | 900 |
| ബെന്നി.കെ.വി,ആലക്കോട് | മലഞ്ചരക്ക് വ്യാപാരം | 10000 രൂപ | 100/8.6.15 | 200 | 100 |
| അജികുമാർ,ആലക്കോട് | സ്വർണ്ണ വ്യാപാരം | 50000 രൂപ | 200/10.7.15 | 1000 | 800 |
| എ.കെ.അഗസ്റ്റിൻ,തേർത്തല്ലി | പലചരക്ക് വ്യാപാരം | 20000 രൂപ | 100/12.2.16 | 500 | 400 |

| | | | | | |
|---|---|---|---|---|---|
| റോയ് പരവം പറമ്പിൽ,വെള്ളാട് | ഇലക്ട്രിക്കൽ സാധനങ്ങൾ വില്പന | 10000 രൂപ | 100/27.1.16 | 200 | 100 |
| ജോർജ്ജ് ജോസഫ്,ആലക്കോട് | മലഞ്ചരക്ക് വ്യാപാരം | 25000 രൂപ | 100/27.1.16 | 500 | 400 |
| ജോസഫ് .ടി.കെ,നെല്ലിപ്പാറ | മലഞ്ചരക്ക് വ്യാപാരം | 10000 രൂപ | 100/27.1.16 | 200 | 100 |

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 3,200/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

.

## 2-3 തൊഴിൽ നികുതി അപാകതകൾ

1) സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നില്ല

2015-16 വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട വർഷം |
|---|---|---|
| 1 | സെന്റ് സെബാസ്റ്റ്യൻ ഇംഗ്ലീഷ് മിഡിയം സ്കൂൾ , രയരോം | രണ്ട് അർദ്ധവർഷങ്ങളിലും |
| 2 | ഔവർ കോളേജ്ജ് ഓഫ് അപ്ലയിഡ് സയൻസ്,തിമിരി | രണ്ട് അർദ്ധവർഷങ്ങളിലും |
| 3 | ഹോളി ഫാമിലി എൽ.പി.എസ് ,നെല്ലിപ്പാറ | രണ്ട് അർദ്ധവർഷങ്ങളിലും |
| 4 | ചെറുപുഷ്പം യു.പി.എസ്,തേർത്തല്ലി | രണ്ട് അർദ്ധവർഷങ്ങളിലും |
| 5 | സെക്രട്ടറി,വനിത സഹകരണ സംഘം,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |

| | | |
|---|---|---|
| 6 | സെക്രട്ടറി,റബ്ബർ അഗ്രികൾച്ചർ മാർക്കറ്റിങ്ങ് കോ-ഓപ്പ സൊസൈറ്റി ,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 7 | മാനേജർ സപ്ലൈക്കോ സൂപ്പർ മാർക്കറ്റിങ്ങ് തേർത്തല്ലി | രണ്ട് അർദ്ധവർഷങ്ങളിലും |
| 8 | സി.പി.ആയുർവേദിക്ക് ഹോസ്പിറ്റൽ &റിസേർച്ച് സെന്റർ ,രയരോം | രണ്ട് അർദ്ധവർഷങ്ങളിലും |
| 9 | സെക്രട്ടറി ക്ഷീരോത്പാദക സഹകരണ സംഘം ,അരങ്ങം | രണ്ട് അർദ്ധവർഷങ്ങളിലും |
| 10 | ന്യൂ എലഗൻസ് ഹോട്ടൽ,കരുവൻഞ്ചാൽ | രണ്ട് അർദ്ധവർഷങ്ങളിലും |
| 11 | ദന്തൽ കെയർ സെന്റർ ,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 12 | മെഡിക്കൽ സെന്റർ (ഡോ.സുധ)ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 13 | ദന്തൽ സ്പെഷാലിറ്റി ക്ലിനിക്ക്,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 14 | ജനറൽ ക്ലിനിക്ക് ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 15 | ബേബി ഗോൾഡ് ലോൺ,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |
| 16 | ഡോ.നികിൽസ് മൾട്ടി സ്പെഷാലിറ്റി ദന്തൽ ക്ലിനിക്ക്,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |

| | | |
|---|---|---|
| | സെന്റ് മരിയാസ് ഹോമിയോ ക്ലിനിക്ക്,ആലക്കോട് | രണ്ട് അർദ്ധവർഷങ്ങളിലും |

മേൽ സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

2) അക്ഷയകേന്ദ്രങ്ങളിൽ നിന്നും തൊഴിൽ തൊഴിൽനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലുള്ള അക്ഷയകേന്ദ്രങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. അക്ഷയകേന്ദ്രങ്ങളിലെ ജിവനക്കാരുടെ തൊഴിൽ നികുതിയും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപനതൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കേണ്ടതാണ്

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ ഉറപ്പിച്ച കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥതയുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം പരസ്യനികുതിയിനത്തിൽ യാതൊരു വരവും ഉണ്ടായിട്ടില്ല.209-)ം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256 -)ം വകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാതെ ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്.പഞ്ചായത്തിന്റ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും അവയിൽ നിന്ന് പരസ്യ നികുതി ഈടാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് താഴെ പറയു പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 5,75,097 |
| തൻ വർഷം | 2,32,950 |
| ആകെ | 8,08,047 |

| | |
|---|---|
| അഡ്ജസ്റ്റ് ചെയ്തത് | 2,56,008 |
| ചെയ്യാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് | 5,52,039 |

മേൽ ഡെപ്പോസിറ്റുകളിൽ 2001-02വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ ബാക്കിയുണ്ട്.ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജലസേചന പമ്പ് സെറ്റ് വിതരണം-അനുബന്ധസാധനങ്ങൾക്ക് സബ്സിഡി നൽകിയ 18276 രൂപ തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ --- 7/2015-16

ജലസേചന പമ്പ് സെറ്റ് വിതരണം

വികസനഫണ്ട് -2,10,000

ഗുണഭോക്തൃവിഹിതം-2,10,000

അടങ്കൽ -4,20,000

പദ്ധതി ചെലവ്

ബിൽ നമ്പർ 3/29-02-2016 – 210000

12ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ (എംഎസ്) 362/2013 തസ്വഭവ 16-11-2013 ഖണ്ഡിക 3.1(7) പ്രകാരം ജലസേചന പമ്പ് സെറ്റ് പൊതുവിഭാഗത്തിന് വിതരണം ചെയ്യുമ്പോൾ നൽകാവുന്ന പരമാവധി സബ്സിഡി 50% ആണ്.(പരമാവധി 5000 രൂപ) അനുബന്ധ സാധനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ല.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 45 മീറ്റർ ഹോസ് ഉൾപ്പെടെ പല അനുബന്ധ സാധനങ്ങൾക്കും സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്.ജലസേചന പമ്പ് സെറ്റിന്റെ വിലയും അനുവദിക്കാവുന്ന തുകയും അധികം നൽകിയ തുകയും താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താക്കളുടെ പേര് | ഇൻവോയ്സ് നം/തീയ്യതി | പമ്പ് സെറ്റിന്റെ വില | നൽകാവുന്ന സബ്സിഡി തുക | നൽകിയ സബ്സിഡി തുക | അനുബന്ധ സാധനങ്ങൾക്ക് നൽകിയ സബ്സിഡി |
|---|---|---|---|---|---|---|
| 1 | ജോസഫ് വാഴവള്ളപ്പിൽ | K42/ 31.08.15 | 8,066 | 4,033 | 5,000 | 967 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ബിനിൽ കെ ജെ | K45/ 31-08-15 | 8,066 | 4,033 | 5,000 | 967 |
| 3 | ഫിലോമന | K 43/ 31-8-2015 | 8,066 | 4,033 | 5,000 | 967 |
| 4 | ജോർജ് കുറ്റിക്കാട്ട് കുന്നേൽ | K 44 31-8-15 | 8,066 | 4,033 | 5,000 | 967 |
| 5 | ജീവി നെയ് വേല | K 48 14-09-15 | 8,066 | 4,033 | 5,000 | 967 |
| 6 | മാനുവേൽ തടവാനാൽ പരപ്പ | 49/ 14-09-15 | 8,066 | 4,033 | 5,000 | 967 |
| 7 | ജനാർദ്ദൻ പിള്ള | 51/ 14-09-15 | 9,436 | 4,033 | 5,000 | 967 |
| 8 | തോമസ് എ ജെ | 52/ 14-09-15 | 8,066 | 4,033 | 5,000 | 967 |
| 9 | അന്നക്കുട്ടി മുതുക്കുന്നക്കൽ | 53/ 14-09-15 | 8,066 | 4,033 | 5,000 | 967 |
| 10 | സുകുദേവരാജൻ | 59/14-09-15 | 8,066 | 4,033 | 5,000 | 967 |
| 11 | ഉലഹന്നാൻ തടത്തിൽ | 60/ 14-09-15 | 9,523 | 4,762 | 5,000 | 238 |
| 12 | ആന്റണി പി ആർ | 61/ 14-09-15 | 8,066 | 4,762 | 5,000 | 238 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ജോസ് എബ്രഹാം | 69/<br>3-10-15 | 8,066 | 4,033 | 5,000 | 967 |
| 14 | അനീഷ് | 75/<br>21-10-15 | 8,066 | 4,033 | 5,000 | 967 |
| 15 | ജോസഫ് | 76/<br>21-10-15 | 8,066 | 4,033 | 5,000 | ~~967~~ |
| 16 | ബേബി ടി എ | 77/<br>21-10-15 | 9,436 | 4,718 | 5,000 | 282 |
| 17 | ജോസഫ് ഈന്തോട്ടത്തിൽ | 80/<br>27-10-15 | 9,436 | 4,718 | 5,000 | 282 |
| 18 | ജോൺ പാറപ്പള്ളിയത്ത് | 2073/<br>5-10-15 | 8,880 | 4,440 | 5,000 | 560 |
| 19 | രാമകൃഷ്ണൻ ടി വി | 2445/<br>28-9-15 | 6,890 | 3,445 | 5,000 | 1,555 |
| 20 | ബിനോയ് വർക്കി | 2446/<br>28-9-15 | 8,300 | 4,150 | 5,000 | 850 |
| 21 | ജോസഫ് വാകമല | 2447/<br>30-9-15 | 8,300 | 4,150 | 5,000 | 850 |
| 22 | സെബാസ്റ്റ്യൻ പാറക്കാട്ട് | 2079/<br>14-10-15 | 8,300 | 4,150 | 5,000 | 850 |

| | |
|---|---|
| ആകെ | 18,276 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/10-01-2017) മറുപടിയായിജലസേചന പമ്പ് സെറ്റ് എന്നതു കൊണ്ടുദ്ദേശിക്കുന്നത് പമ്പ് ചെയ്യുന്നതിനുള്ള അനുബന്ധ സാധനങ്ങളുൾപ്പെടെയാണെന്നും അവ കൂടി ഉണ്ടെങ്കിൽ മാത്രമേ ജലസേചനം നടപ്പാക്കാൻ പറ്റുകയുള്ളുവെന്നും കൃഷി വകുപ്പ് വഴി പ്രസ്തുത ആനുകൂല്യം നല്കുമ്പോൾ ഇപ്രകാരമാണ് നൽകാറുള്ളതെന്നും അറിയിച്ചു. എന്നാൽ 45 മീറ്റർ ഹോസ് പൈപ്പ് ഉൾപ്പെടെയുള്ളവ പമ്പ് സെറ്റിന്റെ ഭാഗമായി കണക്കാക്കാൻ കഴിയില്ല.മാർഗ്ഗരേഖയിൽ അനുബന്ധസാധനങ്ങളെ കുറിച്ച് പരാമർശിക്കുന്നില്ല.ആയതിനാൽ അനുബന്ധസാധനങ്ങൾക്ക് സബ്സിഡി നൽകാൻ ചെലവായ 18,276 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഇപ്രകാരം തുക നൽകുവാൻ അനുമതി നൽകുന്ന ഉത്തരവുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 അംഗൻവാടിക്ക് ഗ്യാസ് കണക്ഷൻ-അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷനില്ലാതെ വാങ്ങി-ചെലവ് തുക 96900 രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐസിഡിഎസ് സൂപ്പർവൈസർ, ആലക്കോട് ഗ്രാമപഞ്ചായത്ത്

പ്രോജക്ട് : 53/16 അംഗൻവാടിക്ക് ഗ്യാസ് കണക്ഷൻ

വകയിരുത്തിയ തുക : ₹3,80,000(എം ജി (എൻ.ആർ))

ചെലവ് തുക : ₹3,45,610(ബിൽ നമ്പർ 5/2015-16 തീ.29-02-2016)

മേൽ തുക ചെലവഴിച്ച് ഗ്രാമപഞ്ചായത്തിലെ 38 അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷനും സ്റ്റൗവും പ്രഷർകുക്കറും വിതരണം ചെയ്തു.ഇതിൽ 2,65,810 രൂപ ഡിഡി നമ്പർ 328345/26-02-2016 വഴി നൽകി ആദിത്യ ഇൻഡേൻ സർവ്വീസസിൽ നിന്നും ഗ്യാസ് കണക്ഷനും ഗ്യാസ് സ്റ്റൗ ഉൾപ്പെടെയുള്ള അനുബന്ധസാധനങ്ങളും വാങ്ങി.ഇതിൽ താഴെ പറയുന്നവ ക്വട്ടേഷനില്ലാതെ ആദിത്യ ഇൻഡേൻ സർവ്വീസസിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

ഗ്യാസ് സ്റ്റൗ (38) -86,450

ലൈറ്റർ (38) - 4750

സുരക്ഷ ഹോസ് (38) -5700

പ്രസ്തുത ഉപകരണങ്ങൾ ക്വട്ടേഷനില്ലാതെ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർച്ച് മാസത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ തിരക്ക് കാരണം ബോർഡ് തീരുമാനപ്രകാരം അംഗീകൃത ഏജൻസിയിൽ നിന്നും വാങ്ങുകയായിരുന്നുവെന്ന് മറുപടി നൽകി. പ്രസ്തുത മറുപടി വാങ്ങൽ ചട്ടങ്ങൾ പാലിക്കാതിരുന്നതിന് ന്യായീകരണമായി കാണാൻ കഴിയില്ല.ആയതിനാൽ ചെലവ് തുക 96,900 രൂപ തടസപ്പെടുത്തുന്നു.

## 3-3 വിവിധ ടൗണുകൾ ശുചീകരണം പദ്ധതി-നടപടി ക്രമങ്ങൾ പാലിച്ചില്ല-78800 രൂപ തടസപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ -89/16

വിവിധ ടൗണുകൾ ശുചീകരണം

തനത് ഫണ്ട്-1,02,000

ചെലവ് --2,15,00,197 തീയ്യതി 30-06-2015(വൗച്ചർ നമ്പർ)-26600

21500198 തീയ്യതി 30-06-2015(വൗച്ചർ നമ്പർ) - 17,850

21500199 തീയ്യതി 30-06-2015(വൗച്ചർ നമ്പർ)-7,350

21500238തീയ്യതി 10-07-2015(വൗച്ചർ നമ്പർ)-21,000

21500239തീയ്യതി 10-07-2015(വൗച്ചർ നമ്പർ)-6,000

ആകെ - 78,800

ആലക്കോട് ഗ്രാമപഞ്ചായത്തിലെ ആലക്കോട് ടൗണും പരിസരപ്രദേശങ്ങളും ശുചീകരിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചത്.ഇതിനായി താഴെ പറയും ദിവസങ്ങളിൽ പ്രവൃത്തി ചെയ്തതായി എൻ എം ആർ ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജൂൺ 21 മുതൽ 24 വരെ 19 പേർ

ജൂൺ 25 മുതൽ 27 വരെ 17 പേർ

ജൂലൈ 3 മുതൽ 5 വരെ 20 പേർ

ഇതിനായി 65,450 രൂപ മാലിന്യം നീക്കം ചെയ്യാനും വാഹനവാടകയ്ക്കായി 13,350 രൂപയും (7,350+6,000) കൂടി ആകെ 78,800 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1ഇത്രയും തുകയുള്ള പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല.

2. ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.
3. വർക്ക് ചെക്ക് മെഷർ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള അടിയന്തിരപ്രവർത്തനമായതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങിക്കാതിരിക്കുകയോ ചെയ്തതെന്ന് മറുപടി നൽകി.എന്നാൽ അടിയന്തിരപ്രാധാന്യം ബോധ്യപ്പെടുത്തുന്ന രേഖകളോ ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനമോ ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ചെയ്യുമ്പോൾ അവശ്യം നിർവ്വഹിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ ചെലവ് തുക 78,800 രൂപ തടസപ്പെടുത്തുന്നു.

## 3-4 രയരോം പുഴ സംരക്ഷണം-പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടപ്പിലാക്കിയില്ല12750 രൂപ തടസപ്പെടുത്തുന്നു.

പ്രൊജക്റ്റ് നമ്പർ -159/16

രയരോം പുഴ സംരക്ഷണം

തനത് ഫണ്ട്- 1,00,000

അടങ്കൽ -1,00,000

പദ്ധതി ചെലവ് -വൗച്ചർ നമ്പർ 21501202/30-03-16 -12,750

രയരോം പുഴ സംരക്ഷണത്തിനായി കരയിടിച്ചിൽ തടയുന്നതിനായി മുള,ഈറ്റ വൃക്ഷ തൈകൾ വെച്ചുപിടിപ്പിക്കൽ, കരയുടെ സമീപത്ത് താമസിക്കുന്നവർക്ക് പുഴസംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണം,മലിനവസ്തുക്കൾ നിക്ഷേപിക്കുന്നത് തടയുന്നതിന് പുഴയോര സംരക്ഷണ സമിതി രൂപീകരിക്കൽ മുതലായ ചെലവുകൾ വഹിക്കാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പുഴയോര പദയാത്രയും ശിൽപശാലയും മാത്രമാണ് നടന്നത്. ഇതിനായി ടി എ, ഭക്ഷണം, ബാനർ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി മേൽ തുക ചെലവഴിച്ചു.12 ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി ഒ (എംഎസ്) 362/2013 തസ്വഭവ 16-11-2013 ഖണ്ഡിക 7.7 പ്രകാരം ബോധവത്ക്കരണക്യാമ്പുകൾ ,മേളകൾ തുടങ്ങിയവ ഏറ്റെടുക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതി സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പുഴ സംരക്ഷണത്തെ കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യ നടപടിയായതിനാലാണ് പുഴയോര പദയാത്രയും ശില്പശാലയും നടപ്പാക്കിയത് എന്ന മറുപടി നൽകി.ആയത് തൃപ്തികരമല്ല. മാർഗ്ഗരേഖയിൽ ഏറ്റെടുക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ച വിഭാഗത്തിൽ പെടുന്ന ഉല്പാദനപരമല്ലാത്ത പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ചെലഴിച്ച 12,750 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-5 ആലക്കോട് ഗവൺമന്റ് ആയുർവേദാശുപത്രി രണ്ടാം നിലയിൽ ഐ പി യൂണിറ്റ് നിർമ്മാണം പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2012-13 വർഷത്തിൽ ആലക്കോട് ഗവൺമന്റ് ആയുർവേദാശുപത്രിക്ക് രണ്ടാം നിലയിൽ ഐ പി യൂണിറ്റ് നിർമ്മിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഡി ഡി നം | തീയ്യതി | തുക |
|---|---|---|
| 780564 | 19-12-2013 | 22,00,000 |

മേൽ പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ചുള്ള അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മേൽതുക നിഷ്ക്രിയമായി പഞ്ചായത്ത് ഫണ്ടിലുണ്ട്.ആയത് ചെലവഴിക്കുന്നതിനും പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ- പദ്ധതി (പട്ടികവർഗ്ഗം) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-812500 രൂപ തടസപ്പെടുത്തുന്നു

ഐ.എ.വൈ- പദ്ധതി- വിനിയോഗ സാക്ഷ്യപത്രം- ലഭ്യമാക്കാത്തത്- സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ -58/16

ഐ എ വൈ വിഹിതം ബ്ലോക്കിലടക്കൽ(പട്ടിക വർഗ്ഗം)

വികസനഫണ്ട്- 812500

ചെലവ് – 8,12,500(ബിൽ നമ്പർ 2/30-01-2016)

2015-16 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി മേൽ തുക ഡിഡി നമ്പർ 328130/03-02-2016 പ്രകാരം സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക തടസപ്പെടുത്തുന്നു.

## 3-7 തുടർസാക്ഷരത -പഞ്ചായത്ത് ഫണ്ട് വിനിയോഗം -പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധം -12890 രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ -86/16

തനത് ഫണ്ട്-1,38,000

പദ്ധതി ചെലവ് - ചെക്ക് നമ്പർ 1537015 തീയ്യതി 15-03-2016 -

ജി ഒ (എം എസ് ) നം 362/2013 തസ്വഭവ തീയ്യതി 16-11-2013 പദ്ധതി മാർഗ്ഗരേഖ അനുബന്ധം 1-vii പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരത/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരത മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ 2015-16 വർഷം സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് 8270 രൂപയും പഠനസംഗമത്തിന് 4,620 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. 2015-16 വർഷം തുടർസാക്ഷരത പഠനത്തിനായി സാക്ഷരത മിഷനിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ എണ്ണം,പരീക്ഷ എഴുതിയ പഠിതാക്കളുടെ എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതിന് വേണ്ടി ചെലവഴിച്ച 12,890 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-8 എസ് സി,എസ് ടി കുട്ടികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്യൽ -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ആലക്കോട് ഗ്രാമപഞ്ചായത്ത്

പ്രോജക്ട് : 120/16 എസ് സി,എസ് ടി കുട്ടികൾക്ക് ലാപ്പ് ടോപ്പ് വിതരണം

വകയിരുത്തിയ തുക : ₹1,50,000(വികസനഫണ്ട് -എസ് സി പി)

ചെലവ് തുക : ₹1,49,400(ബിൽ നമ്പർ 2/2015-16 തീ.31-03-2016)

മേൽ പ്രൊജക്ട് നടപ്പാക്കുന്നതിന് ടെണ്ടർ വിളിക്കുകയും കമ്പ്യൂട്ടർ കെയർ തളിപ്പറമ്പ് ,പോപ്പുലർ അസോസിയേറ്റ്സ് ആലക്കോട് എന്നിവർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ഇതിൽ പോപ്പുലർ അസോസിയേറ്റ്സ് ആലക്കോട് അസ്യൂസ്(assus) ബ്രാന്റിൽപ്പെട്ട 6 ലാപ്പ്ടോപ്പുകൾക്ക് 125403 രൂപ ക്വോട്ട് ചെയ്തു.കമ്പ്യൂട്ടർ കെയർ തളിപ്പറമ്പ് വിവിധ ബ്രാന്റിൽപ്പെട്ട ലാപ്പ്ടോപ്പുകൾക്ക് 148200 ,148800,149400 എന്നിങ്ങനെ ക്വോട്ട് ചെയ്തു.ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പോപ്പുലർ അസോസിയേറ്റ്സ് ആലക്കോടിനെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത കമ്പ്യൂട്ടർ കെയർ തളിപ്പറമ്പിൽ നിന്നും 1,49,400 രൂപ ചെലവഴിച്ച് 6 ലാപ്പ്ടോപ്പുകൾ വാങ്ങി പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ് ടി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടിയായി ഹാജരാക്കിയ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് പ്രകാരം വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള കമ്പ്യൂട്ടർ നൽകുന്നതിനായി കമ്പ്യൂട്ടർ കെയർ തളിപ്പറമ്പിൽ നിന്നും ലാപ്ട്ടോപ്പുകൾ വാങ്ങാൻ തീരുമാനം എടുത്തിട്ടുണ്ട്.വിശദമായ ടെണ്ടർ നോട്ടീസ് ഹാജരാക്കിയിട്ടില്ല.ഗുണനിലവാരം പരിശോധിച്ച രീതി രേഖപ്പെടുത്തുകയോ ഇതിനായി സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കിയതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പോപ്പുലർ അസോസിയേറ്റ്സ് ആലക്കോട് ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻസ് പാലിച്ചിട്ടില്ലായെന്നും പറയുന്നില്ല.ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഔഷധിയിൽ നിന്നും മരുന്ന് ലഭിക്കുന്നതിൽ കാലതാമസം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ആയുർവേദ മെഡിക്കൽ ഓഫീസർ

പ്രൊ. - 117/16 ആയുർവേദ ഡിസ്പെൻസറി മരുന്ന് വാങ്ങൽ

എം.ജി. (എൻ.ആർ) - 10,00,000

Bill No. 2/21.10.2015 - 5,43,548

Bill No. 3/19.01.2016 - 4,56,452

ആകെ . 10,00,000

2015-16 ൽ ആയുർവേദ മെഡി. ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതാണ് പദ്ധതി. മേൽ തുക ഡി.ഡി നമ്പർ 877096/21.10.2015 ഡി.ഡി നമ്പർ 327946/19.01.2016 എന്നിവ വഴി ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ട്.

1. ഡി.ഡി നമ്പർ 877096/21.10.2015

| ഇൻവോയ്സ് നമ്പർ/തീയ്യതി | തുക |
|---|---|
| 3613/29-02-16 | 11,393 |
| 3793/26-03-2016 | 10,448 |
| 3837/31-03-2016 | 15,832 |
| 4118/31-03-2016 | 19,184 |
| 720/27-06-2016 | 7,668 |
| 833/04-07-2016 | 3,532 |

2. ഡി.ഡി നമ്പർ 327946/19-01-2016

| ഇൻവോയ്സ് നമ്പർ/തീയ്യതി | തുക |
|---|---|
| 3929/31-03-2016 | 10,920 |
| 561/26-06-2016 | 8,455 |
| 845/04-07-2016 | 8,831 |

| | |
|---|---|
| 991/13-07-2016 | 18,396 |

ഔഷധിയിൽ നിന്നും തദ്ദേശസ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ സപ്ലൈ ചെയ്യാം എന്ന വ്യവസ്ഥയിൽ തുക മുൻകൂർ നൽകാം. ഇത് സംബന്ധിച്ച് കരാർ വെക്കണം. ലഭ്യമാകുന്നില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കുകയും വേണം.

(സർക്കുലർ നമ്പർ - 5398/സി.പി.-1/2006 തസ്വഭവ 27.02.2016, സർക്കുലർ നമ്പർ - 13160/ഡി.എ-1/2010 തസ്വഭവ-28.11.2010)

മരുന്ന വിതരണത്തിന കാലതാമസം സംഭവിച്ചിട്ടും തുടർ നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല ഡി.എം.ഒ(ആയുർവേദം) യിൽ നിന്നും NAC വാങ്ങാതെയാണ് ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയത്. മരുന്ന് വാങ്ങുമ്പോൾ യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ എ സി വാങ്ങുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.മരുന്ന് വിതരണത്തിൽ ഇത്രയും കാലതാമസം സംഭവിച്ചത് ഗൗരവകരമായ അപാകതയായി ഓഡിറ്റിൽ വിലയിരുത്തുന്നു.ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ കർശന ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 3-10 എസ് എസ് എ ,പൈക്ക ഫണ്ടുകൾ വിനിയോഗിക്കാതെ നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു.

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന് ലഭിച്ച താഴെ പറയുന്ന തുകകൾ വിനിയോഗിക്കാതെ നിഷ്ക്രിയാസ്തിയായി കണ്ടെത്തി.

| ക്രമ നം | ഫണ്ട് ഇനം | ഉദ്ദേശ്യ ലക്ഷ്യം | ബാലൻസ് ഷീറ്റിലെ(B4) കോഡ് നം | നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 1 | എസ് എസ് എ | വിവിധ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണം | 320100116 | 3,24,641 |
| 2 | പൈക്ക | സർക്കാർ സ്കൂളുകളിൽ കളിസ്ഥല നിർമ്മാണം | 320100126 | 3,01,555 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക കഴിച്ച് ബാക്കി പലിശ ഉൾപ്പെടെയുള്ള നീക്കിയിരിപ്പാണ് പ്രസ്തുത തുകയെന്ന് അറിയിച്ചു.എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും നടപ്പിലാക്കിയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.ആയത് പരിശോധിക്കേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ബാക്കി തുകകൾ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 സാന്ത്വന പരിചരണ പരിപാടി സ്നേഹ സമ്മാനം നൽകൽ

## **41,990/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

പ്രോജക്ടിന്റെ പേര് : സാന്ത്വന പരിചരണ പരിപാടി

പ്രോജക്ട് നമ്പർ : 83/16

അടങ്കൽ : 510000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് :509993/-

ബിൽ നമ്പർ 6/15-16 തീ.21.12.15 തുക 50,000/-(ബിൽ ചെലവ് 41,990)
2015-16 വർഷം മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമായി സാന്ത്വന പരിചരണ കുടുംബ സംഗമം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുകയുണ്ടായി.സാന്ത്വന പരിചരണ കുടുംബ സംഗമത്തിന് സ്നേഹ സമ്മാനം നൽകുന്നതിനു വേണ്ടി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | വാങ്ങിയ സാധനങ്ങൾ | എണ്ണം | തുക |
|---|---|---|---|
| ചോയിസ് ഇലക്ട്രോണിക്സ്,തേർത്തല്ലി | Pedestal fan | 2x2400 | 4,800 |
| ഗ്രേയിസ് ഇലക്ട്രോണിക്സ്,തേർത്തല്ലി | Ceeling fan | 2x1400 | 2,800 |
| വിനായക പൂജാസ്റ്റോർ ,ആലക്കോട് | ബക്കറ്റ് | 95 x50 | 4,750 |
| മാരുതിസ് ടെക്സ്റ്റയിൽസ് ,മാതമംഗലം ബസാർ | വൂളൻ ബെഡ് ഷീറ്റ് | 90x316 | 28,440 |
| ഭാരത മെറ്റൽസ് &ഹോം അപ്ളയിൻസ് | Hot box | 5 x240 | 1,200 |
| ആകെ | | | 41,990 |

എന്നാൽ പ്രസ്തുതസാധനങ്ങൾ മരുന്നിലോ വികലാംഗ ഉപകരണങ്ങളിലോ പെടുന്നവയല്ലാത്തതിനാൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ -4,തീയ്യതി : 9-1-17 ന് ലഭ്യമാക്കിയ മറുപടിയിൽ പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് സ്നേഹസമ്മാനം നൽകിയത്

എന്നാണ് അറിയിച്ചത്. സാന്ത്വന പരിചരണ പരിപാടിയുടെ ഭാഗമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശത്തിൽ മരുന്നോ വികലാംഗ ഉപകരണങ്ങളോ മാത്രമാണ് രോഗികൾക്ക് വിതരണം ചെയ്യാൻ പറയുന്നത്.പ്രസ്തുത നിർദ്ദേശത്തിൽ ഉൾപ്പെടാത്ത മേൽ സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടി ചെലവഴിച്ച 41,990രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ഇങ്ങിനെ തുക ചെലവ് ചെയ്യുന്നതിന് ഉപേൽബലകമായ ഉത്തരവുകൾ ഹാജരാക്കാത്ത പക്ഷം ചെലവ് ധന ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. മാർഗ്ഗരേഖ ലംഘനത്തിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-12** <u>പാലിയേറ്റീവ് പരിചരണം :-പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.</u>

പ്രോജക്ടിന്റെ പേര് : സാന്ത്വന പരിചരണ പരിപാടി

പ്രോജക്ട് നമ്പർ : 83/16

അടങ്കൽ : 5,10,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ആകെ ചെലവ് :509993-

ബിൽ നമ്പർ 8/15-16 തീ.16.2.16 തുക 47,000/-

ബിൽ നമ്പർ 9/15-16 തീ.16.2.16 തുക 23,500/-

ബിൽ നമ്പർ 17/15-16 തീ.30.3.16 തുക 58,000/-

ബിൽ നമ്പർ 19/15-16 തീ.30.3.16 തുക 25,000/-

നിർവ്വഹണം : മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

29.10.2015 ലെ ജി.ഒ.(ആർ.ടി) 3217/15 തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന (രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരെയും,മരണപ്പെട്ടവരെയും ഒഴിവാക്കിയ ശേഷമുള്ളവർ) രോഗികളുടെ പേരു വിവരം തദ്ദേശ സ്വയഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതാണ്.ആയത് നടപ്പാക്കിയിട്ടില്ല.പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഹോം കെയർ വാഹനത്തിന് നൽകാവുന്ന തുക പരമാവധി ഒരു ദിവസത്തെക്ക് 1,100/- രൂപയാണ് (45 കി.മീ. കൂടുതൽ ഓടുന്നുണ്ടെങ്കിൽ).എന്നാൽ 15-16 വർഷം നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പാലിയേറ്റിവ് പരിചരണത്തിന്റെ ഭാഗമായി രോഗികളെ സന്ദർശിക്കുന്നതിനു വേണ്ടി മനോജ് കാനപ്പുറം (kL 13D 5094നമ്പർ ജിപ്പ് )എന്നവർക്ക് വണ്ടി ഓടിയ വകയിൽ 1,400 രൂപ നിരക്കിൽ 45,100/- രൂപ അധികം നൽകിയിട്ടുണ്ട് (1.11.15 മുതൽ 31.3.16 വരെ 41 ദിവസം). കൂടാതെ ഹോം കെയർ സന്നദ്ധ പ്രവർത്തനങ്ങൾക്കായി ഭക്ഷണ ചെലവിനായി ഒരു ദിവസം പരമാവധി ചെലവഴിക്കാവുന്നത് 180/- രൂപയാണ്.എന്നാൽ മേൽ ബില്ലുകൾ പ്രകാരം പദ്ധതിക്കു വേണ്ടി ഭക്ഷണ ചെലവിനത്തിൽ ഒരു ദിവസം 250/-രൂപ1.11.15 മുതൽ 31.3.16 വരെ 41 ദിവസം 7,380/- രൂപ അധികം നൽകിയിട്ടുണ്ട്.പാലിയറ്റിവ് പരിചരണത്തിന്റെ ഭാഗമായി ഗൃഹ സന്ദർശനത്തിനു വേണ്ടി നിയോഗിക്കുന്ന ഹോം കെയർ ടീമുകൾ ആഴ്ചയിൽ നാല് ദിവസത്തിൽ കുറയാതെ മാസത്തിൽ 16 ദിവസമെങ്കിലും ഗൃഹസന്ദർശനം നടത്തണമെന്നുണ്ട് ആയത് പാലിച്ചതായി കാണുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/15-16. 9.1.17ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ഉത്തരവ് നടപ്പിലാക്കുമ്പാൾ പാലിയേറ്റിവ് പരിചരണ പരിപാടിക്ക് തടസ്സം നേരിടുമെന്ന കാരണത്താലാണ് അധികം തുക നൽകിയത് എന്നാണ്.ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മെഡിക്കൽ ക്യാമ്പ് -നടത്തുന്നതിന് തുക ചെലവഴിച്ച 40000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് :ആശ്രയ പദ്ധതി ഗുണഭോക്താകൾക്ക് മെഡിക്കൽ ക്യാമ്പ്

പ്രോജക്ട് നമ്പർ :78/16

അടങ്കൽ : 40,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് : 40,000/-

ബിൽ നമ്പർ 18/15-16 തീ.30.03.16 തുക 40,000/-

പന്ത്രണ്ടാം പഞ്ചവത്സര മാർഗ്ഗ രേഖ (ജി.ഒ.എം .എസ് 362/13 തസ്വഭവ 16.11.13)ഖ.7-7 പ്രകാരം മെഡിക്കൽ ക്യാമ്പുകൾ വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.എന്നാൽ 2015-16 വർഷം മേൽ തുക ചെലവഴിച്ച് മെഡിക്കൽ ഓഫീസർ,പി.എച്ച്.സി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള അവശരും,കിടപ്പിലായവരുമായ രോഗികൾക്കായി ഇതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള രോഗികളെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ എത്തിച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി.പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ -6,തീയ്യതി : 9-1-17ന് ലഭിച്ച മറുപടിയിൽ മേൽ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന് മറുപടിയാണ് ലഭിച്ചത്. ആയത് അംഗീകരിക്കുവാൻ കഴിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി മെഡിക്കൽ ക്യാംപ് നടത്തുന്നതിനായി ചെലവഴിച്ച 40,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഹോമിയോ ആശുപത്രിയിലെക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല- 75,000/-രൂപ തടസപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 160/16

അടങ്കൽ : 75,000/- (മെയിന്റനസ് ഫണ്ട് റോഡിതരം)

ചെലവ് : 75,000/-

ബിൽ നമ്പർ 15/15-16 തീ.30.03.16 തുക 75,000/-

2015-16 വർഷം മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ഹോം കോ,ആലപ്പുഴ എന്ന സ്ഥാപനത്തിനു 75,000/- രൂപ (DD No. 329054 dt 31.3.16 ) നൽകിയിട്ടുണ്ട്.എന്നാൽ ഹോമിയോ ഡിസ്പൻസറിയുടെ സ്റ്റോക്ക് പരിശോധിച്ചതിൽ മേൽ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/9-1-17 നാളിതുവരെയായി മരുന്നുകൾ ലഭിച്ചിട്ടില്ല എന്നും , ഹോം കോ,ആലപ്പുഴ എന്ന സ്ഥാപനത്തിൽ വിളിച്ചപ്പോൾ എത്രയും വേഗം മരുന്നുകൾ എത്തിക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്.ഇത് സംബന്ധിച്ച് ഇത്രയും കാലതാമസം സംഭവിച്ചിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്നത് കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 റോഡ് പ്രവൃത്തിക്ക് ടാർ ഉപയോഗിച്ചത്-അളവിലും വിലയിലുമുള്ള പൊരുത്തക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്.

2015-16 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ റോഡ് പ്രവൃത്തികളിൽ ടാർ ഉപയോഗിച്ചത് സംബന്ധിച്ച് എം ബുക്കിലെ രേഖപ്പെടുത്തൽ ഇൻവോയ്സുമായും കൺവീനറുടെ കണക്കുമായും പൊരുത്തപ്പെടുന്നില്ല.ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | പ്രൊജക്ട് വിവരങ്ങൾ | ബിൽ നം തീയ്യതി തുക | ഉപയോഗിച്ച ടാറിന്റെ അളവ്(കിലോഗ്രാമിൽ) | | ടാറിന്റെ വില | | |
|---|---|---|---|---|---|---|---|
| | | | എംബുക്ക് പ്രകാരം | ഇൻവോയ്സ് ലഭ്യമാക്കിയത് പ്രകാരം | ഡിഎസ് ആർ പ്രകാരം | യഥാർത്ഥ വില (ഇൻവോയ്സ് പ്രകാരം) | കൺവീനറുടെ കണക്ക് പ്രകാരം |
| 1 | പ്രൊജക്ട് നം-18/16<br>പേര്-ആലക്കോട് ബസ്റ്റാന്റ് റോഡ്, ബസ്റ്റാന്റ് പാച്ച് വർക്കിംഗ്<br>ഫണ്ട്- MG ROAD<br>അടങ്കൽ- 495000<br>എ എസ്- 495000<br>ടി എസ്-495000(309/23-07-15)<br>പി എ സി-476008<br>എഗ്രിമെന്റ് തീയ്യതി- 69/03-10-2015<br>എം ബുക്ക് നം- 69/2015-16<br>കൺവീനർ-മനോജ് ചില്ലിക്കണ്ടത്തിൽ | 97/<br>16-02-16<br>389201 | 3842.59 | 3900 | 205566 | 135106 | 122475 |
| 2 | പ്രൊജക്ട് നം-164/15-16<br>പേര്- മൂന്നാം കന്ന് ചോലറോഡ്-600/690<br>ഫണ്ട് - 300000(വികസനഫണ്ട്)<br>അടങ്കൽ- 300000<br>എ എസ്- 300000<br>ടി എസ് - 300000(34/4-6-15) | 137/<br>29-03-16<br>184618 | 919.08 | 780 | 49427 | 36112 | 28506 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പി എ സി-277880<br>എഗ്രിമെന്റ് തീയ്യതി-10-09-2015<br>എം ബുക്ക് നം-20/15-16<br>കൺവീനർ-ജെയ്സൺ മാത്യൂ | | | | | | | |
| 3 | പ്രൊജക്ട് നം-36/16<br>പേര്-ചുങ്കസ്ഥാനം അടുക്കം റോഡ് (റീടാറിങ്ങ്)<br>000-600<br>ഫണ്ട്-mg road<br>അടങ്കൽ-400000<br>എ എസ്- 400000<br>ടി എസ്-400000(305/23-07-15)<br>പി എ സി-376935<br>എഗ്രിമെന്റ് തീയ്യതി-19-09-15<br>എം ബുക്ക് നം-37/15-16<br>കൺവീനർ-കെ വി ബാലകൃഷ്ണൻ | 87/29-01-16<br>314756 | 3078.2 | 3120 | 164674 | 108230 | 109700 | |
| 4 | പ്രൊജക്ട് നം-52/15-16<br>പേര്- നെല്ലിപ്പാറ-കപ്പണറോഡ്(000-600)<br>ഫണ്ട്-mg road<br>അടങ്കൽ-495000<br>എ എസ്-495000<br>ടി എസ്-495000(300/23-07-15)<br>പി എ സി-469065<br>എഗ്രിമെന്റ് തീയ്യതി-19-09-2015<br>എം ബുക്ക് നം-38/15-16<br>കൺവീനർ- സജീവ് കുമാർ ആശാരി വിളാക്കത്ത് | 95<br>/16-02-16<br>388432 | 3607.09 | 3614 | 193011 | 126855 | 113310 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | പ്രൊജക്റ്റ് നം-<br>പേര്-എം കെ രാമവർമ്മ റോഡ് റീടാറിങ്ങ്<br>000-250<br>ഫണ്ട്- MG ROAD<br>അടങ്കൽ-300000<br>എ എസ്-300000<br>ടി എസ്-300000(308/23-07-2015)<br>പി എ സി-283941<br>എഗ്രിമെന്റ് തീയ്യതി- 40/22-09-2015<br>എം ബുക്ക് നം- 40/15-16<br>കൺവീനർ- പി ഡി രാധാകൃഷ്ണൻ | 85<br>22-01-2016<br>227144 | 1975.77 | 2054 | 105372 | 73289 | 99000 |
| 6 | പ്രൊജക്റ്റ് നം-38/26<br>പേര്-കുത്തമ്പലം -തിമിരിത്തട്ട് റോഡ് റീടാറിങ്ങ്(000-500)<br>ഫണ്ട്-mg road<br>അടങ്കൽ- 495000<br>എ എസ്-495000<br>ടി എസ്-495000(307/23-07-15)<br>പി എ സി-470328<br>എഗ്രിമെന്റ് തീയ്യതി-17-09-15<br>എം ബുക്ക് നം-34/15-16<br>കൺവീനർ- പി രാമചന്ദ്രൻ | 90<br>/16-02-16<br>390478 | 3220.7 | 3120 | 140653 | 114513 | 101420 |

1. അതുപോലെ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളിൽ സാധാരണയായി ഉപയോഗിക്കുന്നത് V G 10,V G 30 എന്നീ ബിറ്റുമിൻ ഇനങ്ങളാണ് . ഇവയുടെ മാർക്കറ്റ് വില ഡി എസ് ആർ പ്രകാരമുള്ള വിലയേക്കാൾ വളരെ കുറവാണ്. എന്നിട്ടും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അനുവദിച്ചിട്ടുണ്ട്.മേൽ പരാമർശങ്ങൾ സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 2015-16 വർഷത്തിൽ പഞ്ചായത്തിൽ പൂർത്തീകരിച്ച റോഡ് പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിലേക്ക് അയച്ചു തരേണ്ടതാണ്.

## 3-16 എസ്എൽ ബി പി പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തി.16.11.2013 നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ ഉത്തരവ് പൊതു സമീപനത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ,വിവിധ സർക്കാർ വകുപ്പുകൾ,ഏജൻസികൾ,മിഷനുകൾ എന്നിവ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.അനുബന്ധം 2 viii പ്രകാരം മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്ക്(SLBP)ആവശ്യമായ തദ്ദേശസ്വയംഭരണസ്ഥാപന വിഹിതം ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആലക്കോട് ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവിൽ നിർദേശിക്കുന്ന പ്രകാരം 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.ഇതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

1. പദ്ധതിയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വരവ്-ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് + പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 0 | 3,34,973 | 3,34,973 | 3,34,361 | 612 | 99.8 |

2. വാർഷിക കർമ്മ പദ്ധതി/ലേബർ ബജറ്റ് ലക്ഷ്യം കൈവരിക്കുന്നില്ല

| വർഷം | ലേബർ ബജറ്റ് പ്രകാരം നിർദ്ദേശിച്ച തൊഴിലുകളുടെ എണ്ണം | യഥാർത്ഥത്തിൽ നടപ്പാക്കിയ തൊഴിലുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 2015-16 | 519 | 183 | 35 |

ഗ്രാമസഭ നിർദ്ദേശിച്ച മുഴുവൻ പദ്ധതികളും നടപ്പാക്കാൻ ആവശ്യമായ കർമ്മപദ്ധതി രൂപീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3. 100 ദിന തൊഴിൽ ലക്ഷ്യം നേടിയിട്ടില്ല.

അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഏത് ഗ്രാമീണ കുടുംബത്തിനും 100 ദിനം തൊഴിൽ നൽകുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന്. എന്നാൽ 2015-16 വർഷത്തിൽ ആകെ 5 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിന തൊഴിൽ നല്കിയത്.

## 3-18 ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ എം എസ് ഭവന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ താഴെ കൊടുത്ത ഗുണഭോക്താക്കൾ ആദ്യഗഡുക്കൾ കൈപ്പറ്റുകയും എന്നാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത് അവസ്ഥ സംജാതമായിട്ടുണ്ട്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | ഗുണഭോക്താവിന്റ് പേര് | ആദ്യഗഡു നൽകിയ തീയ്യതി | കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തീയ്യതി |
|---|---|---|---|---|---|
| 1 | 84/2015 | അഭിലാഷ് നട്ടിയിൽ,മൂന്നാംകുന്ന് | 21-06-10 | 45,000 | 13-09-2010 |
| 2 | ടി | യശോദ തറമ്മൽ ഒറ്റമുണ്ട | 30-07-10 | 45,000 | 23-05-2011 |
| 3 | ടി | ദേവസ്യ മുണ്ടക്കൻ കോട്ടക്കടവ് | 14-07-11 | 15,000 | 14-07-2011 |
| 4 | ടി | ബാലകൃഷ്ണൻ പൊയിലിൽ | 14-07-11 | 45,000 | 26-03-2012 |
| 5 | ടി | മറിയാമ്മ പാറശ്ശേരിയിൽ | 19-10-11 | 45,000 | 07-06-2012 |
| 6 | ടി | മീനാക്ഷി വലിയ വീട്ടിൽ,തിമിരി | 16-11-11 | 15,000 | 16-11-2011 |

ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ | 2015-16 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി | 1,94,650 | 5,350 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ്(43/16) | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2015-16 വർഷത്തിൽ ആകെ 60 പ്രവൃത്തികൾക്ക് 49,76,000 രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്.ഇതിൽ 47,96,000 രൂപ 2015-16 ൽ ക്രമീകരിച്ചിട്ടുണ്ട്.ബാക്കിയുള്ള 1,80,000 രൂപ 2016-17 ൽ ക്രമീകരിച്ചു.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പാ തുക ലഭിച്ച വർഷം | വർഷാരംഭത്തിൽ തിരിച്ചട ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട ക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ എം എസ് ഭവനപദ്ധതി വായ്പ | 274/2010 dt 27-01-2010 | 2,40,75,000 | 1,33,54,132 | 26,75,000 | | 1,06,79,132 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 900 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ഉദ്യോഗപ്പേരും | |
| 1 | 2012-13 | | 900 | നിഖില കൃഷ്ണൻ | 11501100274&11501100275 dt 29-04-2015 |

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | 10,00,24,907 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | 11,08,93,857 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,89,106 |

*റസീറ്റ് ഏന്റ് പെയ്മെന്റ് പത്രിക പ്രകാരം.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 3,200 | ടി രാജേഷ് കുമാർ, സെക്രട്ടറി- ₹2,200 |

| | |
|---|---|
| | |
| | എൻ എൻ പ്രസന്നകുമാർ ,സെക്രട്ടറി-₹1,000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 18,276 | അനുജ ജോർജ്,കൃഷി ഓഫീസർ |
| 3-2 | 96,900 | നാരായണി എ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-3 | 78,800 | '<br>ടി രാജേഷ് കുമാർ,സെക്രട്ടറി |
| 3-4 | 12,750 | എൻ എൻ പ്രസന്നകുമാർ |
| 3-6 | 8,12,500 | വിനോദ് കുമാർ കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 12,890 | വി ജെ പ്രകാശ് , ഹെഡ് മാസ്റ്റർ |
| 3-11 | 41,990 | ഡോ ദീപ്തി മരിയ ജോർജ്, മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 3-13 | 40,000 | ഡോ.ദീപ്തി മരിയ ജോർജ്ജ്. മെഡിക്കൽ ഓഫീസർ |
| 3-14 | 75,000 | ഡോ ദീപ്തി മരിയ ജോർജ്, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1,3-15

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേര് | ഉദ്യോഗപ്പേര് | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| ടി രാജേഷ് കുമാർ | സെക്രട്ടറി | | ആരാമം<br>പിണറായി പി ഒ |
| എൻ എൻ പ്രസന്നകുമാർ | സെക്രട്ടറി | സെക്രട്ടറി ആലക്കോട് ഗ്രാമപഞ്ചായത്ത് | നടുവിലെ മുറിയിൽ<br>മണക്കടവ് പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01<br>(പദ്ധതി) | എൽ എഫ് കെ എൻ ആർ സി1/411 /2010(5)തീയ്യതി 25-05-2012 | 2 |

| | | |
|---|---|---|
| 2001-02<br>(തനത്) | എൽ എഫ് കെ എൻ ആർ സി1/411<br>/2010(6)തീയ്യതി 25-05-2012 | 1 |
| 2003-04 | എൽ എഫ് കെ എൻ ആർ സി6/265<br>/2010(2)തീയ്യതി 03-07-2015 | 2 |
| 2004-05 | എൽ എഫ് കെ എൻ ആർ സി6/265/2010<br>തീയ്യതി 03-07-2015 | 7 |
| 2005-06 | എൽ എഫ് കെ എൻ ആർ സി1/410/2010<br>തീയ്യതി 13-07-2015 | 13 |
| 2006-07 | എൽ എഫ് കെ എൻ ആർ സി1/785<br>/2010(2)തീയ്യതി 12-12-2011 | 10 |
| 2008-09 | എൽ എഫ് കെ എൻ ആർ സി6/639/2013<br>തീയ്യതി 20-07-2013 | 15 |
| 2009-10<br>2010-11<br>2011-12 | എൽ എഫ് കെ എൻ ആർ സി6/1569/2013<br>തീയ്യതി 04-12-2013 | 25 |
| 2012-13<br>2013-14 | എൽ എഫ് കെ എൻ ആർ സി6/776/2015<br>തീയ്യതി 01-03-2016 | 15 |

| | | |
|---|---|---|
| | | |
| 2014-15 | കെ എസ് എ കെ എൻ ആർ സി 6/1458/2016 തീയ്യതി 09-08-2016 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ. കെ.എൻ.ആർ C3.66/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ.04972-707698

ഇ-മെയിൽ.lfaddistofficeknr@gmail.com

തിയ്യതി .07.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

No.KSA/KNR/C3.66/2017

Kerala State Audit Department,

District Audit Office, Kannur,

Phone.04972-707698

E-Mail.lfaddistofficeknr@gmail.com

Date.07.02.2017

Certified that I have audited the Annual Financial Statement of ALAKODE Gramapanchayath in KANNUR District for the year ended on 31.3. 2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of ALAKODE Gramapanchayath for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kannur.

## അനുബന്ധം - 2

## ഇൻകം &എക്സ്പെൻഡിച്ചർ

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 5173148.00 |
| 130000000 | Rental Income from panchayath properties | I-3 | 276900.00 |
| 140000000 | Fee &User charges | I-4(b) | 527449.00 |
| 150000000 | Sale &Hire Charges | I-5(b) | 103050.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 83297514.00 |
| 170000000 | Interest Earned | I-8 | 114173.00 |
| 180000000 | Other Income | I-9 | 2536.00 |
| A | Total Income | | 89494770.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 7697088.00 |
| 220000000 | Administrative Expenses | I-11(b) | 1135811.00 |
| 230000000 | Operations &Maintanance | I-12(b) | 1845576.00 |
| 240000000 | Interest &Finance Charges | I-13 | 805.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 7046836.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 20940369.00 |

| | | | |
|---|---|---|---|
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 944303.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 3220000.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 22446800.00 |
| 255000000 | Maintanance Projects | I-14(e) | 11057965.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 33900.00 |
| 260000000 | Grants Comtributions and Compensations from Own Fund | I-15 | 24000.00 |
| 272000000 | Depreciation | I-17(a) | 7190318.00 |
| B | Total – Expenditure | | 83583771.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 5910999.00 |
| 280000000 | Prior period Item | I-18 | 2181984.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 3729015.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം - 3

## റസീറ്റ് & പേയിമെന്റ് സ്റ്റേറ്റ്മെന്റ്

For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 32692653.00 |
| | Cash | RP-40(a) | 443352.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 1278390.00 |
| 130000000 | Rental Income panchayath Properties | RP-3 | 58,500.00 |

| | | | |
|---|---|---|---|
| 140000000 | Fees &User Charges | RP- 4 | 406399.00 |
| 150000000 | Sale &Hire Charges | RP- 5 | 90450.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 11668281.00 |
| 171000000 | Interest Earned | RP- 9 | 114173.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 77587057.00 |
| 350000000 | Other Liabilities | RP-36 | 3304897.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 2536.00 |
| 311000000 | Earmarked Funds | RP-29 | 207.00 |
| 340000000 | Deposits Received | RP- 34 | 230000.00 |
| 350000000 | Other Liabilities | RP- 36 | 347254.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 4916763.00 |
| 460000000 | Loans,Advances and Deposits | RP- 47 | 20000.00 |
| Grand Total | | | |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2480273.00 |
| 220000000 | Administrative Expenses | RP-12 | 1135811.00 |
| 230000000 | Operatations &Maintanance | RP-13 | 1339685.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3625017.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 12901372.00 |
| 252000000 | Decentralised plan programme – | RP-17 | 944303.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 3220000.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 506100.00 |
| 255000000 | Maintanance Projects | RP-20 | 11057965.00 |
| 256000000 | Other Revenue Grants and Funds – Revenue Expwnses | RP-21 | 33900.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 24000.00 |
| 280000000 | Prior Period Item | RP-26 | -30736.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 1549324.00 |
| 350000000 | Other Liabilities | RP-36 | 46770144.00 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 805.00 |
| 280000000 | Prior Period Item | RP-26 | 2675000.00 |
| 340000000 | Deposits Received | RP-34 | 218248.00 |
| 350000000 | Other Liabilities | RP-36 | 1964387.00 |
| 410000000 | Fixed Assets | RP-38 | 12389201.00 |
| 412000000 | Capital Work In Progress | RP-40 | 7765058.00 |
| 460000000 | Loans,Advances and Deposits | RP-47 | 324000.00 |
| | Closing Balance | | |
| | Bank | RP-40(b) | 22034813 |
| | Cash | RP-40(b) | 232242.00 |
| Grand Total | | | 133160912.00 |

# അനുബന്ധം - 4

## ബാലൻസ് ഷീറ്റ്

As on 31 March, 2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 23486165.45 |
| 311000000 | Earmarked Funds | B-2 | 5339.00 |
| 312000000 | Reserves | B-3 | 88485898.00 |
| | Total Reserve &surplus | | 111977402,45 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 4412063.00 |
| | Total Grants,Funds &Contributions for Specific Purposes | | |
| | Loans | | 4412063.00 |
| 330000000 | Secured Loans | B-5 | 10679132.00 |
| | Total Loans | | 10679132.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 552039.00 |
| 341000000 | Deposit Works | B-8 | |
| 350000000 | Other Liabilities | B-9 | 6637317.85 |
| | Total Current Liabilities and Provisions | | 7189356.85 |
| | Total Liabiliities | | 134257954.30 |
| ASSETS | | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 112358968.00 |
| 411000000 | Accumulated Depreciation | B-11 | (14825837.00) |
| 412000000 | Capital Work In Progress | B-11(a) | 2598759.00 |
| | Total Fixed Assets | | 100131890.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1154454.30 |
| 440000000 | Pre-paid Expenses | B-16 | 10679132.00 |
| 450000000 | Cash and Bank balance | B-17 | 22267055.00 |
| 460000000 | Loans,Advances and Deposits | B-18 | 25423.00 |
| | Total Current Assets,Loans and Advances | | 34126064.30 |
| | Total Assets | | 134257954.30 |